പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7439 — 14.07.2014 ലെ മറുപടിയ്ക്ക്

**തെങ്ങുകയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തെങ്ങ് കയറുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; | (എ) സംസ്ഥാനത്ത് തെങ്ങ് കയറുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000/- രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. 2013-14 വർഷം സംസ്ഥാനത്ത് 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും തെങ്ങുകയറ്റയന്ത്രങ്ങൾ ഉപയോഗിക്കുന്ന വിധം പരിശീലിപ്പിക്കുന്നതിനായി 372 പരിശീലന പരിപാടികളും നടത്തുകയുണ്ടായി. 2014-15 വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ നാളികേര വികസന ബോർഡ് തൊഴിലാളികളെ പരിശീലിപ്പിക്കുകയും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏറ്റവും ഒടുവിൽ വികസിപ്പിച്ചെടുത്തിട്ടുള്ള തെങ്ങുകയറ്റ യന്ത്രം കൃഷിവകുപ്പിന്റെ ചുമതലയിലാണോ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്; | (ബി) കർഷകർക്ക് ലളിതമായി ഉപയോഗിക്കാവുന്ന തെങ്ങുകയറ്റയന്ത്രങ്ങൾ റെയ്ഡ്കോ, കെയ്ക്കോയിൽ നിന്നുമാണ് കൃഷി വകുപ്പ് സംഭരിച്ച് വിതരണം ചെയ്യുന്നത്. |
| (സി) സാധാരണ ജനങ്ങൾക്കും ഇതിൽ പരിശീലനം നൽകാനുള്ള നടപടി സ്വീകരിക്കുമോ; | (സി) കർഷകർക്ക് തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) സർക്കാർ പരിശീലനവും തെങ്ങുകയറ്റ യന്ത്രവും നൽകിയ തൊഴിലാളികൾ തെങ്ങുകയറുന്നതിന് വാങ്ങുന്ന പ്രതിഫലത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) കൃഷി വകുപ്പ് പരിധി നിശ്ചയിച്ചിട്ടില്ല. |
| (ഇ) പൊതുജനങ്ങൾക്കും തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) കേരകർഷകർക്കായി തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ